**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5754** **13-08-2021 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന്, മദ്യം എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കാൻ ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ? | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ ജില്ലാ യുവജന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന യുവജന കമ്മീഷൻ "മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും, റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ച് കോളേജ്, പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന പദ്ധതി" പ്രകാരം യുവാക്കളിൽ വർദ്ധിച്ചു വരുന്ന മദ്യം-മയക്കുമരുന്ന് ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ പ്രചരണ പരിപാടികളും വിദഗ്ധരുടെ നേതൃത്വത്തിൽ ബോധവത്ക്കരണ പരിപാടികളും സംസ്ഥാനത്തെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ